**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നം.*112**

**29/09/2016 ൽ**
**മറുപടിയ്ക്ക്**

## കശുവണ്ടി ഫാക്ടറികൾ

**ചോദ്യം**
**ശ്രീ.ആർ.രാജേഷ്**
**ശ്രീ.ബി.സത്യൻ**
**ശ്രീമതി.യു.പ്രതിഭ ഹരി**
**ശ്രീമതി.വീണാ ജോർജ്ജ്**

**ഉത്തരം**
**മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സ്വകാര്യ കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കാത്തത് തൊഴിലാളികളെ ദുരിതത്തിലാക്കിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വൻതോതിൽ തോട്ടണ്ടി കൈവശം വച്ചിട്ടും ഫാക്ടറി നടത്തില്ലെന്ന വൻകിട മുതലാളിമാരുടെ ധാർഷ്ട്യം അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ; | (ബി) | സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാൻ ബഹു.ഫിഷറീസ് & കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രിയും, ബഹു.മുഖ്യമന്ത്രിയും പ്രത്യേകം പ്രത്യേകം യോഗങ്ങൾ വിളിച്ചു ചേർക്കുകയും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വ്യവസായികളിൽ നിന്നും തന്നെ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ചു വരികയാണ്. ബഹു.മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ തോട്ടണ്ടി കൈവശമുള്ളവർ ഫാക്ടറി തുറക്കാത്ത വിഷയം പരിഗണിക്കുകയും കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പി |

| | | | |
|---|---|---|---|
| | | | ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി കശുവണ്ടി വ്യവസായികളോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. കൂടാതെ കാഷ്യു സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഫാക്ടറികളിൽ പരിശോധന നടത്തുകയും തോട്ടണ്ടി ലഭ്യമായിട്ടും തുറന്ന് പ്രവർത്തിപ്പിക്കാത്ത ഫാക്ടറികൾ തുറക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ നിയമപരമായി സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. |
| (സി) | ഫാക്ടറി മുതലാളിമാർ ഉന്നയിക്കുന്ന പ്രധാന ആവശ്യങ്ങളും അവയോടുള്ള സർക്കാരിന്റെ നിലപാടും എന്തെന്ന് വ്യക്തമാക്കുമോ? | (സി) | ഫാക്ടറി മുതലാളിമാർ ഫാക്ടറി തുറന്ന് പ്രവർത്തിക്കുന്നതിന് വേണ്ടി ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ താഴെ പറയുന്നവയാണ്.<br>(1) ഫാക്ടറികൾ പ്രവർത്തിക്കുന്നതിനാവശ്യമായ പ്രവർത്തന മൂലധനം യഥാവിധി ലഭിക്കുന്നില്ല. ലോൺ കുടിശ്ശിക ഈടാക്കുന്നതിന് ബാങ്കുകൾ കടുത്ത നടപടികൾ സ്വീകരിക്കുന്നു. അതിനാൽ നിലവിലുള്ള ലോണിന് മോറട്ടോറിയം ഏർപ്പെടുത്തി പുതിയ ലോൺ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.<br>(2) കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഇംപോർട്ട് ഡ്യൂട്ടി പിൻവലിക്കുന്നതിന് സംസ്ഥാന സർക്കാർ ക്രിയാത്മകമായി ഇടപെടണം.<br>(3) ബാങ്ക് സ്റ്റേറ്റ്മെന്റ് അടിസ്ഥാനത്തിൽ സെയിൽസ് ടാക്സ് ഈടാക്കുന്ന പ്രവണത അവസാനിപ്പിക്കണം. |

| | | | |
|---|---|---|---|
| | | | (4) ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ യന്ത്ര വൽക്കരണം നടത്തുന്നതിന് സർക്കാരിൽ നിന്നും സാമ്പത്തിക സഹായം നൽകണം.<br>(5) തോട്ടണ്ടി ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.<br>(6) കയർ മേഖലയ്ക്ക് നൽകുന്ന സഹായം കശുവണ്ടി മേഖലയ്ക്കും നൽകണം.<br>(7) കശുവണ്ടി മേഖലയിൽ തൊഴിലും വ്യവസായവും സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകണം.<br>(8) പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പി ക്കുന്നതിനു വേണ്ടി ബാങ്ക് പ്രതിനിധികളും സർക്കാർ പ്രതിനിധിക ളുമടങ്ങിയ എംപവേർഡ് കമ്മറ്റി വിളിച്ചു ചേർക്കണം.<br>(9) തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് ഒരു ദീർഘകാല പരിഹാരം കണ്ടെത്തുന്നതിനായി സർക്കാർ/ബാങ്ക്/വ്യവസായ പ്രതിനിധികളടങ്ങിയ കൺസോർഷ്യം രൂപീകരിക്കുന്ന കാര്യം പരിശോധിക്കണം.<br>വ്യവസായികൾ ഉന്നയിച്ച വിഷയങ്ങളിൽ ഗവൺമെന്റിന് തുറന്ന സമീപനമാണുള്ളത്. സംസ്ഥാനത്ത് വ്യവസായം നടത്തു ന്നവരുടെ താല്പര്യം സംരക്ഷിക്കുന്നതിനായി ഇംപോർട്ട് ഡ്യൂട്ടി പിൻവലിക്കുന്ന വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ബാങ്ക് ലോൺ റീ സ്ട്രക്ച്ചർ ചെയ്യുക, പുതിയ ലോൺ അനുവദിക്കുക, നിലവിലുള്ള ലോണിന് 6 മാസത്തേക്ക് മൊറട്ടോറിയം ഏർപ്പെടുത്തുക എന്നീ |

| | | | |
|---|---|---|---|
| | | | വിഷയങ്ങൾ റിസർവ്വ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ബാങ്ക് പ്രതിനിധികളുടേയും സർക്കാർ പ്രതിനിധികളുടേയും എംപവേർഡ് കമ്മിറ്റി ഈ വിഷയം പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. തോട്ടണ്ടി ലഭ്യമാക്കുന്നതിന് ഒരു ദീർഘകാല പദ്ധതിയായി ഒരു കൺസോർഷ്യം രൂപീകരിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യ മേഖലയിലും തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി കശുവണ്ടി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ നടത്തി വരികയാണ്. കേരളത്തിന് പുറത്ത് ആന്ധ്രാപ്രദേശിൽ കശുമാവ് കൃഷി നടത്തുന്നതിനു വേണ്ടി ആന്ധ്ര സർക്കാരുമായി ആലോചിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ